കേരള സർക്കാർ

# പാമ്പാക്കുട ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.9)2120/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :15.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പാമ്പാക്കുട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെഎം(പി.9)2120/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :15.12.2016

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.12.2015 മുതൽ 28.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ. ഡി.സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 29.11.2016 മുതൽ 7.12.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ പ്രസൂൺ പി.ജെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ബബിത എസ്. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി മായ കൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീഎബി എൻ ഏല്യാസ് | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ്കമ്മറ്റി | 1.11.2015 | 18.11.2015 |
| | ശ്രീമതി സുഷമ മാധവൻ | 19.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ആലീസ് ജോയ് | 1.4.2015 | 31.10.2015 |
| | ശ്രീ തങ്കച്ചൻ കുര്യാക്കോസ് | 19.11.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി പ്രീത സാബു | 1.4.2015 | 31.10.2015 |
| | ശ്രീമതി അമ്മിണി ജോർജ് | 28.11.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീമതി ജയന്തി മനോജ് | 1.4.2015 | 30.6.2015 |
| | ശ്രീ സി.ബി. രാജീവ് | 28.11.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ശ്യാമള പ്രസാദ് | 1.4.2015 | 31.10.2015 |
| | ശ്രീമതി സിന്ധു ജോർജ് | 28.11.2015 | 31.3.2016 |
| സെക്രട്ടറി | ശ്രീ സി.ആർ.കൃഷ്ണകുമാർ | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജോൺ വി ജോൺ (late) | 1.4.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജയ പീറ്റർ | 1.4.2015 | 2.2.2016 |
| | ശ്രീ ചാക്കോച്ചൻ | 3.2.2016 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | ഡോ.ജീന എസ്. മോഹൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷാജി പൂല്ലോർമഠം | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സജി ജോൺ | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഒ.എൻ.മണി | 1.4.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (പാമ്പാക്കുട) | ശ്രീ ഷബീക് കെ.കെ. | 1.4.2015 | 8.11.2015 |
| | ശ്രീമതി നിഷ പി.എം. | 9.11.15 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഓണക്കൂർ) | ശ്രീ ഷബീക് കെ.കെ. | 1.4.2015 | 8.11.2015 |
| | ശ്രീമതി നീതു ജോൺസൺ | 9.11.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (അഞ്ചൽപ്പെട്ടി) | ശ്രീ മോഹൻദാസ് | 1.4.2015 | 31.3.2016 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീ ഷാജി ജോൺ | 1.4.2015 | 31.3.2016 |
| വെറ്റിനറി സർജൻ | ഡോ.സഫ്ന ഐസക് എം. | 1.4.2015 | 31.3.2016 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ സുധാകരൻ കെ.കെ. | 1.4.2015 | 31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ജയിംസ് ജോൺ | 1.4.2015 | 31.3.2016 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-1 | |
| 2 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-2 | |
| | ഭാഗം- 3 | | |
| 1 | സ്രോതസ്സിൽ നിന്നു നികുതി കിഴിവു നടത്തിയില്ല | 3-1 | |
| 2 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-2 | |
| 3 | പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കുടിശിക | 3-3 | |
| 4 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ | 3-4 | |
| 5 | ഉൽപാദന മേഖലയിൽ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നില്ല | 3-5 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 | |

| | | | |
|---|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015 ലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 82963700 | 83167200 |
| വാർഷിക കണ ക്കുകൾ പ്രകാരം | 27185640 | 29562970 |
| വ്യത്യാസം | 55778060 | 53604230 |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം - / (+) |
|---|---|---|---|
| വസ്തു നികുതി | 3300000 | 1446398 | - 1853602 |
| തൊഴിൽ നികുതി | 1700000 | 1482390 | - 217610 |
| വാടക | 250000 | 422412 | 172412 |
| പരസ്യം | 5000 | - | - 5000 |
| വിനോദ നികുതി (പ്രദർശന നികുതി) | - | - | - |
| ഡി.& ഒ.ലൈസൻസ് ഫീസ് | 25000 | 41340 | 16340 |
| പെർമിറ്റ് ഫീസ് | 30000 | 75805 | 45805 |
| സേവന നികുതി | - | - | - |
| ലേലങ്ങൾ | 3000 | 650 | 2350 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും, ഡിമാന്റും തമ്മിൽ അന്തരമുണ്ട്.

വസ്തുനികുതിയുടെ പ്രതീക്ഷിത വരവും ഡിമാന്റും തമ്മിൽ 56.20% വ്യത്യാസമുണ്ട്. വാടകയിനത്തിൽ 69.00% -ലധികം ഡിമാന്റ് തുക കൂടുതലാണ്. പെർമിറ്റിൽ 153 ശതമാനത്തിലധികം ഡിമാന്റ് തുക കൂടുതലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പരസ്യ നികുതി ബജറ്റിലുൾപ്പെടുത്തിയെങ്കിലും ഡിമാന്റ് ഇല്ല. ആയത് ചുമത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 13.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 5.12.2016 | നൽകിയിട്ടില്ല. |

വാർഷിക കണക്കുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ആർജിച്ച മുഴുവൻ ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ധനകാര്യ പത്രികയിലെ ആസ്തി കണക്ക് കൃത്യമല്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7747576 |
| വരവ് | 27185640 |
| ആകെ | 34933216 |
| ചെലവ് | 29562970 |
| നീക്കിയിരിപ്പ് | 5370246 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 382142 |
| വാടക | 34446 |

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (ബി ഫണ്ട് , MGNREGS ഒഴികെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക(*) | ആകെ | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5912449 | 5912449 | 5755382 | 0 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3161000 | 3161000 | 2372559 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 126000 | 0 | 48000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3575000 | 3575000 | 3564363 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1935000 | 1935000 | 1808485 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 2433412 | 2433412 | 2406114 | 0 | 0 |
| ലോക ബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 20769940 | 20769940 | 20769940 | 0 | 0 |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 13876 | 2265271 | 2279147 | 2274055 | 0 | 5092 |

ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയാണ് വരവായി എടുത്തിട്ടുള്ളത്.

| ക്രമ നം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 5912449 | 5755382 | 97.34 | 157067 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 3161000 | 2372559 | 75.06 | 788441 |
| 3 | വികസന ഫണ്ട് (ടി.എസ്.പി) | 126000 | 48000 | 38.10 | 78000 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 3575000 | 3564363 | 99.70 | 10637 |
| 5 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1935000 | 1808485 | 93.46 | 126515 |
| 6 | ലോക ബാങ്ക് സഹായം | 0 | 0 | 0 | 0 |
| 7 | തനത് ഫണ്ട് | 5999854 | 2649199 | 44.15 | - |
| 8 | കേന്ദ്രാവിഷ്കൃത ഫണ്ട് | 2276775 | 1989465 | 87.38 | - |

| | | | | | |
|---|---|---|---|---|---|
| 9 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 100000 | 0 | 0 | - |
| 10 | ജില്ല പഞ്ചായത്ത്ഫണ്ട് | 100000 | 0 | 0 | - |
| 11 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 512500 | 0 | 0 | - |
| 12 | മറ്റുള്ളവ | 1961337 | 0 | 0 | - |
| 13 | ധനകാര്യ കമ്മീഷൻ അവാർഡ് | 2433412 | 2406114 | 98.87 | 27298 |
| ആകെ | | 28093327 | 20593567 | - | 1117488 |

വികസന ഫണ്ട് (എസ്.സി.പി) യിൽ 788441/-രൂപ ചെലവഴിക്കാതെ പോയി. ഈ മേഖലയിൽ കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കി മുഴുവൻ തുകയും ചെലവഴിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 137 | 28093327 | 111 | 20593567 | 17 | 26 | 69 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 24 | 4135284 | 3281734 | 79.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 12 | 2281000 | 1447959 | 63.48 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 43 | 10141738 | 8668952 | 85.48 |
| കൃഷി ഓഫീസർ | 2 | 1 | 424500 | 19475 | 4.59 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1 | 1 | 450000 | 391832 | 87.07 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 225000 | 225000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 1559400 | 1273340 | 81.65 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 13 | 6000405 | 3411775 | 56.86 |
| ഹെഡ് മാസ്റ്റർ, GUPS | 7 | 7 | 1071000 | 1006000 | 93.93 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 2 | 2 | 1330000 | 392500 | 29.51 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 325000 | 325000 | 100 |
| ആകെ | 137 | 111 | 28093327 | 20593567 | 73.30 |

അടങ്കൽ തുകയുടെ 73.30 ശതമാനം ചെലവഴിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 26 പ്രൊജക്ടുകൾ പഞ്ചായത്തിന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

# 1-7 തനത് വരുമാനം.

പഞ്ചായത്തിന് 2015-16സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ മുൻവർഷത്തേക്കാൾ താഴെ പറയും പ്രകാരം 20.35 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4169668 | 2957290 | - 1212378 | - 29.08 |
| നികുതിയേതര വരവുകൾ | 604139 | 912854 | 308715 | 51 |
| മറ്റുവരവുകൾ(പലിശ) | 12865 | 25508 | 12643 | 98.30 |
| ആകെ | 4786672 | 3812432 | - 974240 | - 20.35 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118680 | 77 |
| കർഷകതൊഴിലാളി പെൻഷൻ | 2080500 | 231 |
| വിധവാപെൻ ഷൻ | 6344480 | 640 |
| വാർദ്ധക്യകാല പെൻഷൻ | 9659760 | 970 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 501520 | 44 |
| ശാരീരികവും മാനസികവുമായി വെല്ലു വിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2065000 | 190 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 6000 | 42 |

ക്ഷേമ പെൻഷൻ പദ്ധതികൾക്ക് DBT വഴി 20651260/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12147 /- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

a) ആസ്തി രജിസ്റ്റർ:- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

b) ഡി. & ഒ. ലൈസൻസ് രജിസ്റ്റർ:- രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററിൽ യന്ത്രത്തിന്റെ കുതിരശക്തി എഴുതി സൂക്ഷിക്കുന്നില്ല. കൃത്യമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

c) ഡെപ്പോസിറ്റ് രജിസ്റ്റർ:- രജിസ്റ്റർ പ്രകാരം 2001 മുതലുള്ള ഡെപ്പോസിറ്റുകളുണ്ട്. മൂന്നു വർഷത്തിൽ കൂടുതൽ കാലപഴക്കമുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല. ആയത് മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
d) പഞ്ചായത്ത് പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൊതു ജനങ്ങൾക്ക് സേവനം നൽകുന്ന ഫ്രണ്ട് ഓഫീസിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.11.2016 | 10/2016 | 29.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.7.2004 – 31.7.2014 | 1997-98മുതൽ 2003-04 വരെ | 30.10.2005 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് -അപാകതകൾ

1). 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3 പട്ടിക (1)- 139 പ്രകാരം അബ്കാരി ഷാപ്പുകൾ- സംഭരണവും വിൽപനയും നടത്തുന്നതിന് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന അബ്കാരി ഷാപ്പുകളിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് | നമ്പർ, സ്ഥലം |
|---|---|---|
| 1 | കുഞ്ഞുമോൾ ജോർജ്ജ് | ടി.എസ്.നമ്പർ 20, മേമ്മുറി |
| 2 | കുഞ്ഞുമോൾ ജോർജ്ജ് | ടി.എസ്.നമ്പർ 21, വിലങ്ങുപാറ |
| 3 | കുഞ്ഞുമോൾ ജോർജ്ജ് | ടി.എസ്.നമ്പർ 54, നെയ്ത്തുശാലപ്പടി |
| 4 | ഡി.എൻ തങ്കപ്പൻ&പി.ആർ. രാമകൃഷ്ണൻ | ടി.എസ്.നമ്പർ 22, പിറമാടം സൗത്ത് |
| 5 | സാബു എം.കെ. | ടി.എസ്.നമ്പർ 50 , പാമ്പാക്കുട |
| 6 | എ.വി. അജി. | ടി.എസ്.നമ്പർ 23, ഓണക്കൂർ |

| | | |
|---|---|---|
| 7 | എ.വി. അജി. | ടി.എസ്.നമ്പർ 24, പാണ്ഡ്യൻപാറ |
| 8 | എ.വി. അജി. | ടി.എസ്.നമ്പർ 51, കക്കയം |

2). ഹോട്ടൽ ഗ്രീൻ പാലസ് , പാമ്പാക്കട എന്ന സ്ഥാപനം ബീർ & വൈൻ പാർലർ ആയാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഹോട്ടൽ എന്ന ഗണത്തിൽപ്പെടുത്തിയാണ് ലൈസൻസ് കൊടുത്തിരിയ്ക്കുന്നത്. ലൈസൻസ് ഫീസിനത്തിൽ 500/- രൂപയാണ് (രസീത് നം.11403106411/ 25.3.2015) ഈടാക്കിയിട്ടുള്ളത്. 2016-17 വർഷത്തിലും ഹോട്ടൽ എന്ന ഗണത്തിൽപ്പെടുത്തിയാണ് ലൈസൻസ് കൊടുത്തിരിയ്ക്കുന്നത്. അബ്കാരിഷാപ്പ് ഗണത്തിൽപ്പെടുത്തി ലൈസൻസ് നൽകാത്തതിന്റേയും ആയതിനനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റേയും കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും നൽകിയില്ല.
ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | ശ്രീ.രാജൻ .എം.സി. |
| 2. | ശ്രീ.അഭിലാഷ് .കെ .എം. |
| 3. | ശ്രീ.കെ.ബാബുരാജ് |
| 4 | ശ്രീ സജി ടി ജേക്കബ് |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി അസസ്സ് ചെയ്ത് ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്രോതസ്സിൽ നിന്നു നികുതി കിഴിവ് നടത്തിയില്ല

പാമ്പാക്കട ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് അംഗീകാരം ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് കൺസൾട്ടൻസി കരാർ നൽകിയത് സാത്വിക്ക് സിസ്റ്റം തോപ്പുംപടി, കൊച്ചി എന്ന സ്ഥാപനത്തിനാണ് (പഞ്ചായത്തു കമ്മറ്റിയുടെ 10/2/2015 ലെ 1(12)നമ്പർ തീരുമാനം). ഫെബ്രുവരി 12 ,2015 തീയ്യതിയിലെ കരാർ പ്രകാരം 60000/- രൂപയ്ക്കാണ് മേൽ കമ്പനി കൺസൾട്ടൻസി കരാർ നേടിയത്. 24/8/2015 ലെ 019134 ഡി.ഡി. പ്രകാരം കരാർ തുക നല്കി. എന്നാൽ കേന്ദ്ര ആദായനികുതി നിയമ പ്രകാരമുള്ള (വകുപ്പ് 194j) സ്രോതസ്സിൽ നിന്നുള്ള 10% നികുതി കിഴിവ് 6000/- നടത്തിയില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

104 ാം നമ്പർ അങ്കണവാടിക്ക് വാട്ടർ കണക്ഷന് വേണ്ടി 6950/- രൂപ (ഡി.ഡി. നമ്പർ. 019145/ 7.10.2015) ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വേണ്ടി വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കാത്തിനാൽ ചെലവ് തുക 6950 /- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പൊതുടാപ്പുകളുടെ വെള്ളചാർജിനത്തിൽ കുടിശിക

പഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളചാർജിനത്തിൽ കുടിശിക നിലനിൽക്കുന്നു. പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്നു നടത്തിയ പരിശോധനയിൽ ആകെയുള്ള 458 ടാപ്പുകളിൽ 366 ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തുകയും ചെയ്തു. 2015-'16 സാമ്പത്തിക വർഷത്തിൽ പ്രതിമാസ വെള്ളചാർജിനത്തിൽ 160125/- രൂപ നിരക്കിലാണ് (366 x 437.50/ടാപ്പ്) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത്. പഞ്ചായത്ത് പ്രതിമാസ വെള്ളക്കരം അടക്കാത്തതിനാൽ കുടിശ്ശിക തുക വർദ്ധിച്ചുവരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | ഫൈൻ | കുടിശ്ശിക | ആകെ |
|---|---|---|---|---|
| 1.4.15 ൽ അടക്കുവാനുണ്ടായിരുന്ന തുക | 160125 | 204375 | 1,04,16,091 | 10780591 |
| 3/2016 ലെ തുക | 160125 | 291207 | 14842899 | 15294231 |
| 2015-16 വർഷത്തിൽ അടച്ച തുക(ഡി.ഡി.നം.199625/16.3.2016) | | | | 3,00,000 |
| വർഷാവസാനം അടക്കുവാൻ ബാക്കിയുള്ള തുക | | | | 14994231 |

വെള്ളക്കരം കുടിശ്ശികയാകുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-4 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം വിവിധ പ്രൊജക്ടുകൾ വഴിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്. 2015-16 വർഷത്തിൽ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നം | പ്രൊജക്ട്നം | പേര് | ഫണ്ട് | അടങ്കൽ തുക |
|---|---|---|---|---|
| 1 | S0038/16 | പഞ്ചായത്താഫീസ് പുനർ നിർമ്മാണം പൂർത്തീകരണ പ്രവൃത്തികൾ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 235408 |
| | | | തനത് ഫണ്ട് | 259592 |
| 2 | S0076/16 | പഞ്ചായത്താഫീസ് കോംപ്ലക്സ് വൈദ്യുതീകരണം | തനത് ഫണ്ട് | 50000 |
| 3 | S0088/16 | പഞ്ചായത്താഫീസ് | കേന്ദ്രാവിഷ്കൃതം | 250000 |
| 4 | S0101/16 | പഞ്ചായത്താഫീസ് പുനർ കെട്ടിടം നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 269592 |
| 5 | S0103/16 | പഞ്ചായത്താഫീസ് അനുബന്ധ കെട്ടിട നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 711000 |
| | | | തനത് ഫണ്ട് | 50000 |
| 6 | S0104/16 | പഞ്ചായത്താഫീസ് അനുബന്ധ കെട്ടിടം അധിക സൗകര്യങ്ങൾ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 372412 |
| | | | തനത് ഫണ്ട് | 50000 |
| 7 | S0118/16 | പഞ്ചായത്താഫീസ് അധിക | പൊതു വിഭാഗം | 970000 |

| | | | | |
|---|---|---|---|---|
| | | സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | തനത് ഫണ്ട് | 10000 |
| 8 | S0119/16 | പഞ്ചായത്തിലെ വിട്ടു കിട്ടിയ , സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | തനത് ഫണ്ട് | 10000 |
| | | | മെയിന്റനൻസ്ഗ്രാന്റ് റോഡിതരം | 505000 |
| 9 | S0152/16 | പഞ്ചായത്ത് അനുബന്ധ സ്ഥാപനം അധിക സൗകര്യം ഏർപ്പെടുത്തൽ | തനത് ഫണ്ട് | 25000 |
| | | | ആകെ | 3768004 |

ഒരു കെട്ടിടത്തിനു വേണ്ടി വിവിധ പ്രൊജക്ടുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഇതു പോലെയുള്ള പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ഒറ്റ പ്രൊജക്ടായി തയ്യാറാക്കി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഉൽപാദന മേഖലയിൽ പദ്ധതികൾ നടപ്പാക്കിയില്ല.

2015-16ൽ പാമ്പാക്കുട പഞ്ചായത്തിൽ കൃഷി, അനുബന്ധ പ്രവർത്തനങ്ങൾക്കായി കേവലം 78000/- രൂപയാണ് പദ്ധതിരേഖ പ്രകാരം വകയിരുത്തിയത്. തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയത് കേവലം ഒരു പ്രോജക്ട് മാത്രമാണ്. (കുറ്റിപമ്പു വിതരണം - ചെലവ്- 19475/-). പഞ്ചായത്തിലെ രേഖകൾ പ്രകാരം 117 ഹെക്ടർ നെൽകൃഷിയും, 25 ഹെക്ടർ വാഴകൃഷിയും 30 ഹെക്ടർ പൈനാപ്പിൾ കൃഷിയും, 20 ഹെക്ടർ പച്ചക്കറികൃഷിയും ഉണ്ട്. തികച്ചും കാർഷിക ഗ്രാമമായ പാമ്പാക്കുടയിൽ കൃഷിഓഫീസർ ഒരു പദ്ധതി മാത്രം നിർവ്വഹണം നടത്തിയത് പദ്ധതി രൂപീകരണത്തിലെ പോരായ്മയായി വിലയിരുത്തുന്നു. ഉൽപാദന മേഖലയിൽ കൂടുതൽ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 86000 | വിഭിന്ന ശേഷിക്കാരായ വർക്കുള്ള സ്കോളർഷിപ്പ് | 86000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 104 ാം അങ്കണ വാടിക്ക് വാട്ടർ കണക്ഷൻ | 019145/ 7.10.2015 | 6950 | 0 | 6950 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

2015-16 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനനിർമ്മാണം | സ.ഉ.നം 276/2010/ ത.സ്വ.ഭവ. /27.1.2010 | 10755000 | 5377500 | 1075500 | - | 4302000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 7500 /- രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2013-14 | 2-2 | 7500 | BPC college | 11503103253/ 30.3.2016 |
| ആകെ | | 7500 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27185640 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29562970 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6950 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)
(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖ ണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6950 | ശ്രീ സി.ആർ കൃഷ്ണകുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6000 | ശ്രീ സി.ആർ കൃഷ്ണകുമാർ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സി.ആർ കൃഷ്ണകുമാർ, സെക്രട്ടറി | സെക്രട്ടറി, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | നമ്പ്യാർ മഠം , കടമറ്റം. പി.ഒ. , എറണാകുളം |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1993-94 & 1994-95 | എൽ.എഫ്.ഇ.(പി.2) 1163/9/21.02.1997 | |
| 1995-96 &1996-97 | എൽ.എഫ്.ഇ.(പി.1)183/98/08.10.1998 | |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.(പി.2)1158/0/12.01.2002 /13.03.2002 | |
| 1998-99 | എൽ.എഫ്.ഇ.(പി.2)712/03/25.08.1998 | |
| 1999-00 | എൽ.എഫ്.ഇ.(പി.2)844/04/03.04.2004 | |
| 2000-01 & 2001-02(ചെലവ്) | എൽ.എഫ്.ഇ. (പി.2)1664/0/25.10.2014 | |
| 2000-01(വരവ്) | എൽ.എഫ്.ഇ.(പി.1)1466/07 | |
| 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി.1)1467/07 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.ഇ. (പി.)1465/07 | |
| 2003-04 | എൽ.എഫ്.ഇ. (പി.3)1465/07 | |
| 2004-05 | എൽ.എഫ്.ഇ.(പി.1)50/09 | |
| 2005-06 | എൽ.എഫ്.ഇ. (പി.9)472/11/20.09.11 | |
| 2006-07 | എൽ.എഫ്.ഇ. (പി.9)473/11/20.09.11 | |
| 2009-10 | എൽ.എഫ്.ഇ. (പി.9)/66/11/24.01.11 | |
| 2007-08, 2008-09, 10-11 | എൽ.എഫ്.ഇ. (പി.9)/1473/12/14.09.12 | |
| 2011-12, 12-13 | എൽ.എഫ്.ഇ. (പി.9)/14/2014/07.02.14 | |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ,എം(പി.9)29/2016 | |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി.9)2120/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :15.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## APPENDIX -1

AUDIT CERTIFICATE

No.K.S.A.-EKM(P9)2120/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030

Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 15.12.2016

Certified that I have audited the Annual Financial Statement of Pampakkuda Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pampakkuda Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)